# തൂലിക

## ഡിജിറ്റൽ മാഗസിൻ
## ലിറ്റിൽ കൈറ്റ്സ്



എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്
വെൺകുറിഞ്ഞി

# മാർഗ്ഗദീപമേ നയിച്ചാലും.........



**വിദ്യകൊണ്ട് പ്രബുദ്ധരാകുക**

# ദൈവദശകം

## ശ്രീനാരയണ ഗുരു

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളേ;
നാവികൻ നീ ഭവാബ്ധിക്കോ-
രാവിവൻതോണി നിൻപദം.........
ഒന്നൊന്നായെണ്ണിയെണ്ണി തൊ-
ട്ടെണ്ണും പൊരുളൊടുങ്ങിയാൽ
നിന്നിടും ദൃക്കുപോലുള്ളം
നിന്നിലസ്പന്ദമാകണ.........
അന്നവസ്ത്രാദി മുട്ടാതെ
തന്നു രക്ഷിച്ചു ഞങ്ങളെ
ധന്യരാക്കുന്ന നീയൊന്നു-
തന്നെ ഞങ്ങൾക്കു തമ്പുരാൻ.........
ആഴിയും തിരയും കാറ്റും-
ആഴവും പോലെ ഞങ്ങളും
മായയും നിൻ മഹിമയും
നീയുമെന്നുള്ളിലാകണം........
നീയല്ലോ സൃഷ്ടിയും സൃഷ്ടാ-
വായതും സൃഷ്ടിജാലവും
നീയല്ലോ ദൈവമേ,സൃഷ്ടി-
യ്ക്കുള്ള സാമഗ്രിയായതും........
നീയല്ലോ മായയും മായാ-
വിയും മായാവിനോദനും
നീയല്ലോ മായയെനീക്കി -
സ്സായൂജ്യം നൽകുമാര്യനും.......
നീ സത്യം ജ്ഞാനമാനന്ദം
നീ തന്നെ വർത്തമാനവും
ഭൂതവും ഭാവിയും വേറ-
ല്ലോതും മൊഴിയുമോർക്കിൽ നീ.......

അകവും പുറവും തിങ്ങും
മഹിമാവാർന്ന നിൻ പദം
പുകഴ്ത്തുന്നു ഞങ്ങളങ്ങു
ഭഗവാനേ, ജയിയ്ക്കുക.......
ജയിയ്ക്കുക മഹാദേവ,
ദീനവന പരായണാ,
ജയിയ്ക്കുക ചിദാനന്ദ,
ദയാസിന്ധോ ജയിയ്ക്കുക........
ആഴമേറും നിൻ മഹസ്സാ-
മാഴിയിൽ ഞങ്ങളാകവേ
ആഴണം വാഴണം നിത്യം
വാഴണം വാഴണം സുഖം ....

# ഞങ്ങളുടെ സ്കൂൾ




പത്തനംതിട്ട ജില്ലയിൽ എരുമേലിക്കു അടുത്ത് വെൺകുറിഞ്ഞി എന്ന മലയോര ഗ്രാമത്തിൽ ആളുകളുടെ ആശയും അത്താണിയുമായി എസ്. എൻ.ഡി.പി.യോഗം കോർപറേറ്റ് മാനേജ്മെന്റിന്റെ കിഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂൾ.അനേകായിരങ്ങളെ അക്ഷരവഴിയിലൂടെ നടത്തി ജീവിത വിജയത്തിലേക്ക് കൈപിടിച്ച്നടത്തിയ അറിവിന്റെ ഈ കേദാരം"വിദ്യാധനം സർവ്വധനാൽ പ്രധാനം"എന്ന ആപ്തവാക്യത്തെ അന്വർത്ഥമാക്കുമാറ് അതിന്റെ പ്രവർത്തനം തുടരുന്നു.

# ചരിത്രം

പതിറ്റാണ്ടുകൾക്കു മുൻപ് കാട്ടുമൃഗങ്ങളെ വിരട്ടിയോടിച്ചും കാടു വെട്ടിത്തെളിച്ചും കുടിയേറ്റം നടത്തിയും വെൺകുറിഞ്ഞിയിലെ സാധാരണക്കാരായ എസ് എൻ ഡി പി ശാഖാ അംഗങ്ങൾ " വിദ്യ കൊണ്ട് പ്രബുദ്ധരാകാനും സംഘടന കൊണ്ട് ശക്തരാകാനും " ലോകജനതയെ ഉപദേശിച്ച മഹാഗുരുവായ ശ്രീ. നാരായണ ഗുരുദേവന്റെ നാമധേയത്തിൽ 1954–ൽ അപ്പർപ്രൈമറി സ്കൂൾ തുടങ്ങി . ശാഖാ പ്രവർത്തകരോടൊപ്പം യൂണിയൻ നേതാക്കളും ചില രാഷ്ട്രീയ നേതാക്കളും അന്ന് സ്കൂൾ സ്ഥാപിക്കുന്നതിന് വേണ്ടി പ്രയത്നിച്ചു .

1954– ൽ പ്രൈമറി സ്കൂളായി സ്ഥാപിതമായ ഈ സരസ്വതി ക്ഷേത്രം 1957– ൽ ഹൈസ്കൂളായും 1998–ൽ ഹയർ സെക്കന്ററി ആയും വളർച്ചയുടെ പടവുകൾ താണ്ടി തലയുയർത്തി നിൽക്കുകയാണ് .

ഈ സ്കൂൾ സ്ഥാപിക്കുന്നതിനായി ചുക്കാൻ പിടിച്ചത് SNDP– വെൺകുറിഞ്ഞി ശാഖയുടെ പ്രസിഡന്റ് ആയിരുന്ന ശ്രീ കെ വി നാണു കളത്തിൽ ആയിരുന്നു . പിന്നീട് ശാഖാ പ്രവർത്തകർ ഈ സ്കൂൾ എസ് എൻ ഡി പി – യോഗത്തിനു കൈമാറി . ഇന്ന് എസ് എൻ ഡി പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പിള്ളി നടേശൻ അവർകൾ ഈസ്കൂളിന്റെപ്രവർത്തനങ്ങൾക്കാവശ്യമായ ഊർജവും പിന്തുണയും നൽകി വരുന്നു . ക്രിയാത്മകമായി പ്രവർത്തിക്കുന്ന PTA–യും പൂർവ വിദ്യാർത്ഥി സംഘടനയും ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ് .

## ഭൗതികസൗകര്യങ്ങൾ

മൂന്ന് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിന് 5 കെട്ടിടങ്ങളിലായി 41 ക്ലാസ് മുറികളും ഹയർ സെക്കണ്ടറിക്ക് ഒരു കെട്ടിടത്തിലായി 9 ക്ലാസ് മുറികളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്. ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്.

## മാനേജ്മെന്റ്

എസ്.എൻ.ഡി.പി.യോഗമാണ് വിദ്യാലയത്തിന്റെഭരണംനടത്തുന്നത് .എസ്.എൻ.ഡി.പി.യോഗം ജനറൽസെക്രട്ടറിശ്രീ.വെള്ളാപ്പള്ളി നടേശൻ ജനറൽ മാനേജരായും. ശ്രീ.റ്റി.പി. സുദർശനൻ വിദ്യാഭ്യാസ സെക്രട്ടറിയായും പ്രവർത്തിക്കുന്നു. ശ്രീമതി. രാജശ്രീ.ബി വിദ്യാലയത്തിന്റെ പ്രിൻസിപ്പൽ ആയും ശ്രീമതി. ലേഖ ടി ആർ പ്രധാനാദ്ധ്യാപിക ആയും പ്രവർത്തിക്കുന്നു.

മികവുകൾ

- തുടർച്ചയായി 11വർഷം SSLC യ്ക്ക് 100 % വിജയം,

*A+നേടുന്ന കുട്ടികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവ്.

*വിദ്യാർത്ഥികളുടെ ബഹുമുഖ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അടൽ ടിങ്കറിങ് ലാബ്, ലിറ്റിൽ കൈറ്റ് തുടങ്ങിയവയുടെ പ്രവർത്തനം

വിവിധ തരത്തിലുള്ള ക്ലബുകളുടെ മികച്ച പ്രവർത്തനം

- Sports, yoga എന്നിവയിൽ ദേശീയ തലത്തിൽ സ്കൂൾ കൈവരിച്ച നേട്ടം.

## പാഠ്യേതര പ്രവർത്തനങ്ങൾ

- സ്കൗട്ട് & ഗൈഡ്സ്
- ക്ലാസ് മാഗസിൻ.
- വിദ്യാരംഗം
- സയൻസ് ക്ലബ്ബ്.
- ഐ.ടി. ക്ലബ്ബ്.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- മാത്‌സ് ക്ലബ്ബ്.
- സാമൂഹ്യശാസ്ത്ര ക്ലബ്ബ്.
- എക്കോ ക്ലബ്ബ്..

## പ്രിൻസിപ്പൽ




### ശ്രീമതി രാജശ്രീ ബി

### സന്ദേശം

രാജ്യത്തിന് മാതൃകയായി സംസ്ഥാനവിദ്യാലയങ്ങൾ മാറ്റുന്നതിനായി സാങ്കേതിക വൈദഗ്ദ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ സജ്ജരാക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് ന്റെ പ്രവർത്തനങ്ങൾ നമ്മുടെ വിദ്യാലയത്തിലും നടന്നു വരുന്നു. സ്വയം പഠിക്കുകയും,ഒപ്പം പാഠ്യ വസ്തുക്കളിൽ അവബോധവും താൽപര്യവും അഭിരുചിയും സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ വിദ്യാലയഅന്തരീക്ഷത്തിൽ തന്നെ സാധ്യമാക്കുന്നു.

ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തന പരിപാടികൾക്ക് എല്ലാ വിധ ആശംസകളും അറിയിക്കുന്നു.

# ഹെഡ്മിസ്ട്രസ്



**ശ്രീമതി .ലേഖ ടി ആർ**

## സന്ദേശം

പൊതുവിദ്യാലയ യജ്ഞത്തിന്റെ ഭാഗമായി  വിവരവിനിമയ സാങ്കേതിക വിദ്യയിൽ കൂടുതൽ പരിശീലനം നൽകി വിദ്യാർത്ഥികളെ സജ്ജമാക്കാൻ ലിറ്റിൽ കൈറ്റ് യൂണിറ്റിന് കഴിയുന്നു . വിദ്യാർത്ഥികളുടെ സർഗാത്മകതകളുടെ ആവിഷ്കാരണമാണ്  മാഗസിനുകൾ . കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേരുന്നു

# എഡിറ്റേഴ്സ് ഡെസ്ക്

ദശാബ്ദങ്ങൾക്ക് മുൻപ് .......
കായികമായി അധ്വാനിച്ചു കാട് നാടാക്കിയ .........
മാനുഷരുടെ വിയർപ്പു വീണ ഗ്രാമം
വെൺകുറിഞ്ഞി ............
പുറം ലോകം എത്രമാറിയിട്ടും ....
എളിമയുടെയും സ്നേഹത്തിന്റെയും
സ്വത്ത ചോർന്ന് പോകാതെ
ഇവിടെ ഇന്നും നിലകൊള്ളുന്നു .....
കാലം ടെക്നോളജിയുടെ മാസ്മരികത വഴിമാറുമ്പോഴും ....
പ്രകൃതി ദേവിക്കു നിർവികാരകരയാകാനേ കഴിഞ്ഞുള്ളൂ ......
മൊബൈലുകൾ നിയന്ത്രിക്കുന്ന ലോകത്തു .....
മനുഷ്യന്റെ സത്തയും ......
അതിനനുസരിച്ചു മാറിക്കൊണ്ടരിക്കുന്നു .......
കലാസൃഷ്ടരാൽ സമ്പന്നമാണ് വിദ്യാലയങ്ങൾ .......
നമ്മുടെ കുട്ടുകാരുടെ ഒത്തുചേരലിൽ പിറവിയെടുത്ത
ഏതാനും സൃഷ് ടികളുടെ സമാഹാരമാണ് " തൂലിക " .......
കൊച്ചു കൊച്ചു സന്തോഷങ്ങളും നൊമ്പരങ്ങളും ...........
നമ്മുക്ക് ഇവിടെ വായിക്കാം .........

**ഹൃദയപൂർവ്വം എഡിറ്റേഴ്സ്**

# എഡിറ്റോറിയൽ ബോർഡ്



**അഭിനവ് കെ ബിനു**

**ചീഫ് എഡിറ്റർ**



രാഹുൽ രാജേഷ്

സബ് എഡിറ്റർ



അലൻ ടി ബിജു

സബ് എഡിറ്റർ



ജിൽസ് ജൈസ്

സബ് എഡിറ്റർ



ബിന്ദു കെ പി

ലിറ്റിൽ കൈറ്റ് മിസ്ട്രസ്



ദീപ എസ് ആർ

ലിറ്റിൽ കൈറ്റ് മിസ്ട്രസ്

# ഉള്ളടക്കം

അദ്ധ്യാപകരും വിദ്യാർത്ഥികളും
ഓര്മയ്ക്കേണ്ടു സുഗന്ധം
വിയർപ്പുതുള്ളികൾ
സർ ഐസക് ന്യൂട്ടൺ
മഴ
ശക്തി
തെന്നാലിരാമനും കള്ളൻമാറും
ക്വിസ്
ഇന്ധവള്ളിപുഷ്പമേ
ഓർമ്മ
മതവും മനുഷ്യനും
സ്വപ്നം
കടങ്കഥകൾ
ലിറ്റൽ കൈറ്റ്സ് പ്രവർത്തനങ്ങൾ
ദിനാഘോഷങ്ങൾ
ചിത്ര രചന
ലിറ്റൽ കൈറ്റ്സ് അംഗങ്ങൾ
നന്ദി

# അധ്യാപികയും വിദ്യാർത്ഥിയും

ക്ലാസ്സിലെത്തിയ ടീച്ചർ ഒരേ ചോദ്യം തന്നെ ആവർത്തിച്ചു കൊണ്ടിരുന്നു ആരാണിത് ചെയ്തത് .ആരും തന്നെ മറുപടി പറഞ്ഞില്ല.കുറെ നേരത്തെ മൗനത്തിനു ശേഷം ക്ലാസ്സിലെ മുതിർന്ന കുട്ടി എഴുന്നെറ്റ് ഞാനാണ് ചെയ്യ്തത് , ഗ്ലാസ് പോട്ടിച്ചത് ഞാനാണ് . മനംപൂർവമല്ല അബദ്ദത്തിൽ സംഭവിച്ച്പ്പോയതാണ് മാപ്പാക്കണം . അധ്യാപിക മറുപടിയൊന്നും പറഞ്ഞില്ല . അവർ നേരെ ലൈബ്രറിയിലേക്ക് ചെന്നു . അവിടെ നിന്നും ഒരു പുസ്തകം എടുത്ത് തിരികെ ക്ലാസിലെത്തി കുറ്റം സമ്മതിച്ച കുട്ടിയുടെ നേരെ പുസ്തകം നീട്ടി. അവനത് വാങ്ങി . ഇത് ഗ്ലാസ് പൊട്ടിച്ചതിനുള്ള സമ്മാനമല്ല . തെറ്റ് ഏറ്റ് പറഞ്ഞതിന് ഞാൻ നിനക്ക് തരുന്നത് ആണ് . തെറ്റ് ചെയ്യ്താൽ ഏറ്റ് പറയണം.

**കുറ്റസമ്മതം അന്തസ് വർദ്ധിപ്പിക്കും**

അബിയ തോമസ്
9 ബി

## ഓർമ്മകൾക്കെന്തു സുഗന്ധം

ഒരിക്കൽ ഒരു ദിവസം വളരെ വൈകിയാണ് ദേവ് വീട്ടിലെത്തിയത് . ബാംഗ്ലൂരിലെ ഒരു പ്രൈവറ്റ ലിമിറ്റഡ് കംബനിയൽ സോഫറ്റ് വെയർ എഞ്ചിനിയറായി ദേവ് ജോലി ചെയ്യുതിരുന്നത് . ജോലി ,ഓഫീസ് വീട് എന്നിങ്ങനെ മാത്രം ചിന്തിക്കുന്ന ഒരു സാധാരണ മനുഷ്യൻ ഒരനാദനാണെന്ന് വിഷമങ്ങൾ ഒന്നുമില്ലാതെ പണത്തിനു ജിവിതത്തിനും വേണ്ടിമാത്രം ജിവിക്കുന്ന ഒരു ശരാശരി മനുഷന്യാണ് ദേവ് .ദേവിനെ വളർ–ത്തിയതും പഠിപ്പിച്ചതും അവന്റെ വകയിലെ ഒരു അമ്മാവനാണ് . പ്രഭാകരൻ അമ്മാവനും അമ്മായി ജാനകിക്കും ഒരു മകളുണ്ടായിരുന്നു പാർവതി .ദേവിന്റെ ചുമതല പ്രഭാകരൻ ഏറ്റെടുത്തതോടെയാണ് പ്രഭാകരനും ജാനകിയും തമ്മിലുള്ള വഴക്കുകളുടെയും പരിഭവത്തിന്റെ തുടക്കം . ആ വഴക്ക് ഡിവോഴ്സിന്റെ  വക്കുവരെ എത്തി താൻ കാരണമാണ് ഈ പ്രശ്നങ്ങൾ ഉണ്ടായത് എന്ന കുറ്റബോധത്തിൽ ദേവ് നാട് കടന്നു . അവിടെന്നിന്ന് ദേവ് എത്തിയത് ബാംഗ്ലൂരിലാണ് . അവിടെ ചെറിയ ചെറിയ ജോലികൾ ചെയ്ത് ദേവ് പഠിച്ചു .ബാംഗ്ലൂരിൽ എത്തിയതിനുശേഷം ദേവ് നാട്ടിലേക്ക് മടങ്ങിയിരുന്നില്ല .എന്നാൽ ഒരു നല്ല ജോലിയും തരക്കേടില്ലാത്ത ഒരു ശമ്പളവും ഇപ്പോൾ ദേവിനുണ്ട് .അതുക്കൊണ്ട് നാട്ടിലേക്ക് പോകാമെന്ന് അവൻ തീരുമാനിച്ചു .ബാംഗ്ലൂരിൽ നിന്നും കൊച്ചിയിലേക്കുള്ള ബംഗ്ലൂരു എക്സ്പ്രസിൽ കയറി നാട്ടിലെത്തി . എല്ലാം പഴയതുപ്പോലെത്തന്നെ ഒരു മാറ്റവും ഉണ്ടായിരുന്നില്ല അവന്റെ അമ്മയുടെ തറവാട്ടിൽ എത്തി .പഴയ ഓർമകൾ അവന്റെ മനസ്സിൽ തെളിഞ്ഞുന്നിന്നു നഗരം എന്ന നരകത്തിൽ നിന്ന് ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലെ ഗ്രാമീണ പശ്ചാത്തലം അവനിൽ സന്തോഷം ഉളവാക്കി .

തറവാട്ടിൽ എത്തിയപ്പോളാണ് ഹൃദയം നുറുങ്ങുന്ന വാർത്ത അവൻ അറിയുന്നത് താൻ വീട് വിട്ട് പോയതിനുശേഷവും അമ്മാവനും അമ്മായിയും തമ്മിലുള്ള പ്രശ്നങ്ങൾ നീണ്ടുന്നിന്നതും അവർ തമ്മിൽ പിരിഞ്ഞതുമായ കാര്യങ്ങൾ അവൻ അറിഞ്ഞത് . അതിനുശേഷം രണ്ടു വർഷം കഴിഞ്ഞപ്പോൾ ജാനകിയമ്മായി മരിച്ചവിവരം ദേവ് ഇപ്പോഴാണ് അറിയുന്നത് . പ്രഭാകരൻ അമ്മാവനും മരണക്കിടക്കയിലാണെന്നറിയുന്ന ദേവ് ഇനിമുതൽ പാർവതിക്ക് ഒരു സഹോദരന്റെ സ്ഥാനത്തുന്നിന്ന് പരിപാലിക്കുകയും അവളെ വിവാഹം കഴിപ്പിച്ചയക്കുകയും മരണവരേയും അമ്മാവന്റെ കാര്യങ്ങൾ സ്വന്തം മകന്റെ സ്ഥാനത്തുന്നിന്ന് ചെയ്യുമെന്നും തീരുമാനിക്കുന്നു . അങ്ങനെ ബാംഗ്ലൂരിലെ ബ്രാഞ്ചിൽ നിന്നും നാട്ടിലുള്ള ഒരു ബ്രാഞ്ചിലേക്ക് സ്ഥലംമാറ്റം വാങ്ങി . നാട്ടില്–ത്തന്നെ താമസിക്കാൻ തുടങ്ങി ദേവ് അമ്മാവന്റെ മരണശേഷം പാർവതിയെ ഒരു നല്ല വിവാഹം കഴിപ്പിച്ചയച്ചതിനുശേഷം തറവാടിന്റെ ഗ്രഹനാദത്വം ഏറ്റെടുത്ത് നാട്ടിൽ തന്നെ ജീവിക്കാൻ തീരുമാനിച്ചു . തന്റെ ചെറുപ്പത്തിലെ കാര്യങ്ങൾ മുതൽ ഇപ്പോൾ ഇതു വരെയുംയുള്ള എല്ലാ മനോഹര നിമിഷങ്ങളും പ്രകൃതിയുടെ സൗന്ദര്യവും ആസ്യാദിച്ചുക്കൊണ്ട് അഗ്നിദേവിന്റെ ജീവിതം മുന്നോട്ട്

ഓർമ്മകൾക്ക് എന്ത് സുഗന്ധം ....................

സിദ്ധാർഥ് കെ സിനോയ് 9 ബി

# വിയർപ്പുതുള്ളികൾ

ഒരിടത്ത് ഒരു വീട്ടിൽ ഒരു അമ്മയും മകനും ഉണ്ടായിരുന്നു. അവർ വളരെ സന്തോഷത്തിൽ ജീവിച്ചു പോരുകയായിരുന്നു. അപ്പോഴാണ് അവരുടെ അച്ഛൻ ലോകത്തോട് വിട പറഞ്ഞത്. അത് ആ കുടുംബത്തിനെ തകർത്തു. ആ അച്ഛൻെറ തണലിലാണ് ആ കുടുംബം കഴിഞ്ഞിരുന്നത്. അച്ഛൻ പോയതോടെ അവർ പട്ടിണിയിലായി. വയ്യാത്ത അമ്മയെ ജോലിക്ക് വിടാൻ കഴിയാത്തതു കൊണ്ട് അവൻ ജോലിക്ക് പോയി.അവൻ അടുതുള്ള വീട്ടിൽ വീട്ടുജോലിയ്ക്ക് പോയി. പഠിച്ചും വീട്ടുജോലി ചെയ്തും അവൻ കുടുംബം പുലർത്തി. ഒരു ദിവസം അവൻ സ്കൂളിൽ നിന്ന് വൈകിയാണ് വീട്ടുജോലി ചെയ്യുന്ന വീട്ടിൽ എത്തിയത്. അതിന്. അവിടെയുള്ള വീട്ടമ്മ അവനെ വളരെയധികം വഴക്കു പറഞ്ഞു. കുറച്ച് കഴിഞ്ഞ് അവൻ തേങ്ങചിരവിക്കൊണ്ടിരുന്നപ്പോൾ അവൻ അറിയാതെ അവൻെറ വിയർപ്പുതുള്ളി ആ തേങ്ങചിരവിയതിൽ വീണു അതു കണ്ട വീട്ടമ്മ അവനെ അവിടെ നിന്ന് പറഞ്ഞു വിട്ടു .എന്നാൽ ആ വീട്ടിലെ അച്ഛൻ അവന്റ നിസ്സഹായവസ്ഥ മനസ്സിലാക്കിയ നല്ല മനുഷ്യൻ. അദ്ദഹത്തിന്റെ സുഹൃത്തിന്റെ വീട്ടിലെ തോട്ടപണിക്കാരന്റെ ജോലി വാങ്ങികോടുത്തു അതോടോപ്പം അവന്റെ പഠന ചിലവുകൾ അദ്ദേഹം ഏറ്റെടുത്തു സന്തോഷത്താൽ അവൻ വീട്ടിലെക്കു മടങ്ങി പിന്നിട് അവന്റെയും അമ്മയുടെയും ജീവിതം സന്തോഷമുള്ളതായി മാറി . ഒരു തുള്ളി വിയർപ്പ് അവരുടെ ജീവിതം സന്തോഷമുള്ളതായി മാറി.



# സർ ഐസക്ന്യൂട്ടൺ

ഭൂഗുരുത്വ നിയമങ്ങളാണ് സർ ഐസക് ന്യൂട്ടന് ലോകപ്രസിദ്ധി– നേടികൊടുത്തത്.സൂര്യനും ചന്ദ്രനും ഭൂമിയും നക്ഷത്രങ്ങളും നിലനിൽക്കുന്ന പ്രപ–ഞ്ചത്തെക്കുറിച്ച് ലോകമറിഞ്ഞത് ന്യൂട്ടണിലൂ–ടെയായിരുന്നു . കാൽക്കുലസ് എന്ന ഗണിതശാസ്ത്ര വിഭാഗം വികസിപ്പിച്ചതും ഇദ്ദേഹംമായിരുന്നു . പ്രകാശത്തിന്റെ വ്യത്യസ്ഥ സ്വഭാവത്തെക്കുറിച്ചും ചില സവിശേഷ പ്രതിഭാസങ്ങളെക്കുറിച്ചും കാലാനുഗത വിശേഷങ്ങളെക്കുറിച്ചും അദ്ദേഹം സിദ്ധാതങ്ങൾ അവിഷ്കരിച്ചു ആധുനികബലതന്ത്രത്തെ ശാസ്ത്രത്തെ ന്യൂട്ടന്റെ ചലനനിയമങ്ങളെയാണ് ആധാരമാക്കുന്നത് . ലിങ്കൻ ഷെയറിലെ ഗ്രാൻതം എന്ന സ്ഥലത്തിനടുത്തുള്ള വൂൾസ്റ്റോർപ്പിലാണ് 1643ജനുവരിയിലാണ് ന്യുട്ടൺ ജനിച്ചത് . മുത്തശ്ശിയായിരുന്നു കുട്ടിക്കാലത്ത് ന്യൂട്ടനെ സംരക്ഷിച്ചിരുന്നത് . വൂൾസ്തോർപ്പിലെ ഗ്രാമർ സ്കൂളിലെ പഠനം കഴിഞ്ഞ് 1661 ൽ കേംബ്രിഡ്ജ് സർവകലാശാലയിലെ ടിനിറ്റി കോളേജിൽ ചേർന്ന് സാഹിത്യത്തിൽ ബിരുദം നേടി .



ഇക്കാലത്ത് തന്നെ അദ്ദേഹം ഗണിതം ശാസ്ത്രത്തിലുള്ള പഠനത്തിലും മുഴുകിയിരുന്നു. ബിരുദം നേടിയതിനു ശേഷം 1665 ൽ അദ്ദേഹം ആവിഷ്കരിച്ച ദ്യു പദഗണ സിദ്ധാതം ഗണിത ശാസ്ത്രത്തിന് വലിയ മുതൽ കൂട്ടായി . ഈ സിദ്ധാന്തമുപയോഗിച്ച് ചരിഞ്ഞ വസ്–തുക്കളുടെ വിസ്തീർണ്ണവും ഖര വസ്തുകളുടെ വ്യാപ്തവും കണക്കാക്കാനാവും . കേംബ്രിഡ്ജിലെ നിന്ന് മടങ്ങിയെത്തിയ ന്യൂട്ടൻ ടിനിറ്റിയിലെ ഫെല്ലോഷിപ്പിന് അർഹനായി . തുടർന്നുള്ള വർഷങ്ങളിൽ പ്രകാശാസ്ത്ര സംബന്ധിയായ പഠനങ്ങളിലാണ് ന്യൂട്ടൺ ശ്രദ്ധ കേന്ദ്രകരിച്ചത് . പ്രകാശത്തിന്റെ സ്വഭാവ സവിശേഷതകളെ പഠിക്കുകയും ദൂ–രദർശിനിയുടെ നിർമ്മാണത്തിലേർപ്പെട്ടുകയും ചെയ്തു.

1679 ൽ , ബലത്തിനു കീഴിലുള്ള ചലിക്കുന്ന ഒരു വസ്തുവിന്റെ ഭ്രമണ പഥം നിർണയിക്കുന്നതെങ്ങനെയെന്ന് ന്യൂട്ടൺ കണ്ടു പിടിച്ചു ഈ ബലത്തിനു വ്യതിയനം സംഭവിക്കുന്നുവെങ്കിൽ ഭ്രമണപഥം അന്ധകാരമയമായിരിക്കുമെന്ന് ഈ സിദ്ധാന്തം പ്രസ്താവിക്കുന്നു .അപ്പോൾ ബലത്തിന്റെ കേന്ദ്രം ഒരേ സ്ഥലത്തായിരിക്കുകയും ചെയ്യും .

കണികകൾ തമ്മിലുള്ള ആകർഷണ ബലം അവയ്ക്കിടയിലെ ദൂ–രത്തിന്റെ വർഗ്ഗത്തിന് വിപരീത അനുപാതത്തിലായിരിക്കുമെന്ന് ന്യൂട്ടൺ കണ്ടെത്തി . തുടർന്ന് ഭൂഗുരത്വത്തെ സംബന്ധിച്ച തന്റെ ആദ്യ കാലസിദ്ധാങ്ങൾക്ക് അദ്ദേഹം രൂപം നൽകി .

1705 ൽ ന്യൂട്ടന്റെ സംഭാവനകളെ അടിസ്ഥനാമാക്കി അദ്ദേഹത്തിന് പ്രഭു പദവി [ സർ ] നൽകി ആദരിച്ചു . ദീർഘകാലം മനുഷ്യോപകാര പ്രദമായ ഗവേഷണങ്ങളിൽ മുഴുകി കഴി–ഞ്ഞിരുന്ന ന്യൂട്ടൺ രോഗബാധിതനായി 1727 ൽ മാർച്ച് 20 ന് കെൻസികട്ണിൽ വച്ച് മരണമടഞ്ഞു

**കെസിയ 9 ബി**

# മഴ

മാനം കറുത്തു , കരിമേഘംക്കെട്ടഴിഞ്ഞു
പെയ്ത മഴയെ , മണ്ണിന്റെ കാമുകിയെ
പ്രണയിപ്പതുണ്ടിപ്പോഴും
പുല്ലും പുൽക്കൊടിയും
കാടും കാവും ഞങ്ങളും
ഈശ്വരന്റെ സ്നേഹമായ്
പൊലിഞ്ഞ മഴയെ
സർവതും നിന്നിലലിയിക്കും മഴയെ
ചൂടിനാൽ പൊളുമി ഭൂമിയോട്
സാരമില്ലെന്നോതുന്ന മേഘമേ ....
സുവാർത്തദൂതികളായ മുകിലെ ,
നിയലഞ്ഞു ചേരു ഞങ്ങളിലെയ്ക്കൊരു മഴത്തുള്ളിയായി ,
മനസ്സിനു കുളിരായി വരു നീ വരു......



ആൽഫ സാജൻ 10 ബി

# ശക്തി

മൗനത്തിന്റെ ശക്തി
ശബ്ദത്തിനറിയാം

വെളിച്ചത്തിന്റെ ശക്തി
ഇരുട്ടിനറിയാം

സത്യത്തിന്റെ ശക്തി
അത്,കളവിനറിയാം

ശരിയുടെ ശക്തി
അത്,തെറ്റിനറിയാം

എന്നാൽ  ധൈര്യത്തിന്റെ ശക്തി
അത്,ധീരന്മാർക്കേ
അറിയൂ.........

**അർച്ചന ബിജീഷ്**
**8B**

# തെന്നാലിരാമനും കള്ളന്മാരും

ഒരു ദിവസം തെന്നാലിരാമനും ഭാര്യായും ഉറങ്ങാൻ കിടന്നപ്പോൾ പുറത്തെന്തോ ഒരു ശബ്ദം കേട്ടു ജനലിലൂടെ എത്തി നോക്കിയ തെന്നാലിരാമൻ കണ്ടത് ഇരുട്ടത്ത് പതുങ്ങിനില്ക്കുന്ന രണ്ടുകള്ളന്മാരെയാണ് പെട്ടെന്ന്തെന്നാലി രാമന്റ മനസ്സിൽ ഒരു കുസൃതി തോന്നി.

രാമൻ ഭാര്യയെ വിളിച്ചു എന്നിട്ട് കള്ളന്മാർ കേൾക്കാത്തക്ക വിധം എന്നാൽ സ്യകാര്യം പറയുന്ന രീതിയിൽ ഭാര്യയോട് പറഞ്ഞു

നാട്ടു മുഴുവനും കള്ളന്മാരുടെ ശല്യമാ.....

എവിടെയും മോഷണം. നമ്മുടെ ഭടന്മാർക്ക് ഒരു കള്ളനെപ്പോലും പിടികൂടാൻ കഴിഞ്ഞിട്ടില്ല.

അത്ര മിടുക്കന്മാരാ ഇപ്പോഴത്തെ കള്ളന്മാർ.

അതുകൊണ്ട് ഒരു കാര്യം ഞാൻ നിശ്ചയിച്ചു നമ്മുടെ സ്യർണാഭരണങ്ങളും ര്തനങ്ങളും ഒന്നും ഇനി ഈ വീട്ടിൽ സൂക്ഷിക്കണ്ട

“ പിന്നെ എവിടെ സൂക്ഷിക്കുൻ ?” ഭാര്യ ചോദിച്ചു

“ നമുക്കു നമ്മുടെ സമ്പാദ്യം മുഴുവനും ഒരു പെട്ടിയിലാക്കി കിണറ്റിലിടാം .ആരും എടുക്കില്ല ആവശ്യം വരുമ്പോൾ നമ്മുക്ക്

കിണറ്റിലിടാം .ആരും എടുക്കില്ല ആവശ്യം വരുമ്പോൾ നമുക്ക് കിണർ വറ്റിച്ച് പെട്ടി പുറത്തെടുക്കാം .” നല്ല ബുദ്ദിതന്നെ . “ എങ്കിൽ സമയം കളയണ്ട .നമുക്കിപ്പോൾത്തന്നെ ആഭരണങ്ങളെലാം പെട്ടിയിലാക്കി കിണറ്റിൽ കൊണ്ടിടാം . രാത്രിയായതു കൊണ്ട് ആരും കാണില്ലല്ലൊ. ”



തെന്നാലിരാമന്റെ പതിവില്ലാത്ത ഈ വർത്തമാനത്തിന് പിന്നിൽ എന്തോ ഉദ്ദേശമുണ്ടെന്ന് ഭാര്യക്ക് മനസ്സിലായി അതുക്കൊണ്ട് മറിച്ചൊന്നും അവർ ചോദിച്ചില്ല. തെന്നാലിരാമൻ ഒരു പഴയ പെട്ടിയിൽ പഴയ സാധനങ്ങൾ നിറച്ചു . അതു ചുമന്നുക്കൊണ്ട് പോയി കിണറ്റില്ലിട്ടു . കള്ളന്മാർക്ക് സന്തോഷം അടക്കാനായില്ല .

□□□□□□□□□□□□□□□□□□□□□ ബുദ്ധിമാനായ തെന്നാലിരാമന് ഇതാ ഒരു അബദ്ധം പറ്റിയിരിക്കുന്നു !" അവർ പരസ്പരം പറഞ്ഞ് രഹസ്യമായി ചിരിച്ചു .

തെന്നാലിരാമൻ വീട്ടിൽക്കയറി വാതിൽ അടച്ച് ഉറങ്ങാൻ കിടന്നു .കള്ളന്മാർ കിണറ്റിൻ കരയിൽച്ചെന്നു വെള്ളംക്കോരി കിണർ വറ്റിക്കാൻ തുടങ്ങി .

" വേഗം കോര് നേരം വെള്ളുക്കുന്നതിനു മുമ്പ് പെട്ടിയുമായി സ്ഥലം വിടണം "

കള്ളന്മാർ പരസ്പരം നിർദ്ദേശം കൊടുത്തുക്കൊണ്ട് വെള്ളം കോരൽ തുടർന്നു.സമയം പോയതു അറിഞ്ഞില്ല നേരം പരപര വെളുത്തു .കർഷകർ പണിയായുധങ്ങളുമായി ജോലിയ്ക്കിറങ്ങാൻ തുടങ്ങി . പക്ഷേ ,കിണറുവറ്റിച്ചു നിധിയെടുക്കണയെന്ന ഉത്ധാഹത്തിൽ വെള്ളം കോരിക്കൊണ്ട് നിന്ന കള്ളന്മാർ അതൊന്നും ശ്രദ്ധിച്ചതെയില്ല .

"അല്ല , നിങ്ങൾ ഇതുവരെ പോയില്ലേ ?" പിറകിൽ നിന്നുള്ള ശബ്ദം കേട്ട് കള്ളന്മാർ ഞെട്ടിത്തിരിഞ്ഞു നോക്കി തെന്നാലിരാമൻ ചിരിച്ചുക്കൊണ്ട് നിൽക്കുന്നു " നന്ദിയുണ്ട് സുഹൃത്തുക്കളെ , എന്റെ പച്ചക്കറിക്ക്യഷി വെള്ളം കിട്ടാണ്ട് അതൊക്കെ ഒന്നു നനഞ്ഞു " തെന്നാലിരാമൻ പറഞ്ഞു .

കള്ളന്മാർക്ക് ഒന്നു് പരുങ്ങി .പിന്നെ അവിടെ നിൽക്കുന്നത് പന്തിയല്ലെന്ന് കണ്ട് അവർ കയറും കുടവും വലിച്ചെറിഞ്ഞു ജിവനുക്കൊണ്ട്പാഞ്ഞു .പക്ഷേ ,അവർക്ക് ഏറെ ദൂരം ഓടാൻ കഴിഞ്ഞില്ല കൃ–ഷിപ്പണിക്കിറങ്ങിയ കർഷകരുടെ കൈയിലാണ് അവർ ചെന്നുപ്പട്ടത് കർഷകർ കള്ളന്മാരെ പിടിക്കുടി തലിച്ചതക്കുക മാത്രമല്ല രാജഭടന്മാരെ ഏല്പ്പിക്കുകയും ചെയ് തു തെന്നാലിരാമൻ കള്ളന്മാരെ കെണയിലാക്കുകയും വിദ്യ നാട്ടിലെങ്ങും പരന്നു

**ആദിത്യ രതീഷ്**
**5 ബി**

# ക്വിസ്

1. സൂര്യ പ്രകാശം ഭൂമിയിലേക്കെത്താൻ ഏകദേശം എത്ര സമയമെടുക്കും ?

**8min**

2. ഇന്ത്യയിലെ ഏറ്റവും വലിയ തുറമുഖം ഏതാണ് ?

**മുബൈ**

3. സമ്പൂർണ്ണ ദേവൻ എന്ന് അറിയപ്പെടുന്ന നവോത്ഥാന നായകൻ ആരാണ് ?

**വൈകുൺഠ സ്വാമികൾ**

4. ദക്ഷിണേന്ത്യയിൽ കടൽത്തീരം ഇല്ലാത്ത സംസ്ഥാനം ?

**തെലുങ്കാന**

5. ഇന്ത്യയിൽ എത്തിയ ആദ്യ വിദേശികൾ ആരാണ് ?

**അറബികൾ**

6. കടൽമാർഗ്ഗത്തിൽ ഇന്ത്യയിൽ എത്തിയ ആദ്യ യൂറോപ്യൻ ശക്തി ?

**പോർച്ചുഗീസുകാർ**

7. ഇന്ത്യയിൽ അവസാനമെത്തിയ യൂറോപ്പ്യൻ ശക്തി ?

**ഫ്രഞ്ചുക്കാർ**

8. ഇന്ത്യയിൽ നിന്നും പോയ യൂറോപ്യൻ ശക്തി ?

**പോർച്ചുഗ്ഗീസ്**

9. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ നദി ?

**വാമനപുരം**

ഗോപിക കൃപേഷ്
8 ബി

# ഇന്ദ്രവല്ലരി പുഷ്പമേ

ഇന്ദ്രവല്ലരി പുഷ്പമേ !
ഏകാന്തവാസിക പുഷ്പമേ

കിഴക്കുകാട്ടിൽ ഒളിച്ചിരിക്കുന്ന ഇന്ദ്രവല്ലരി പുഷ്പമേ ....
മേഘങ്ങളെ തുരന്ന് നിൻ തിരു പ്രകാശകിരണങ്ങൾ എന്റെ
മനസ്സിൽ എത്തിയില്ല !

മനുഷ്യന്റെ മനസ്സിലെ വിദ്വേശമകറ്റും
ഇന്ദ്രവല്ലരി പുഷ്പമേ !

കിഴക്കുകാട്ടിൽ നിന്ന് പടിഞ്ഞാറിലേക്ക്
വഴുതിമാറുന്ന ഇന്ദ്രവല്ലരി പുഷ്പമേ !

സിദ്ധാർഥ് കെ സിനോയി
9B

# ഓർമകൾ

ഓർമകൾ ഇത്രമേൽ മധുരമെങ്കിൽ

മറവി എന്തെ കയ്ച്ചുപോയി

മാനമെന്തേ മാഞ്ഞുപോയി

മഴയായി പെയ്തൊട്ടുങ്ങി

സ്വേതാ മോൾ വി സ് 8B

# ആ കാലം

കഥകൾ പറഞ്ഞൊരാ കാലങ്ങളെ

സ്നേഹഭരിത നിമിഷങ്ങളെ

പലവട്ടം പൊട്ടിച്ചിരിച്ച കുറുമ്പുകളെ

ഓർക്കുന്നു ഞാനിന്ന് നന്ദിയോടെ

ദുഷ്കരമേകി ഈ കണ്ടതെല്ലാം

ഒടുവിലെങ്കിലും

നന്ദി മാത്രം

സ്നേഹം മാത്രം

**അനു 5 ബി**

# സ്വപ്നം

അച്ഛന്റെ കരുതൽ
അമ്മയുടെ സ്നേഹം
കൂടപ്പിറപ്പിന്റെ വാത്സല്യം
കണ്ടാസ്വദിച്ച ഞാൻ

കണ്ടതോ സ്വപ്നം മാത്രം
അറിഞ്ഞതോ ഇച്ഛ മാത്രം

സ്വപ്നം സ്വപ്നമായി തന്നെ ഒടുങ്ങട്ടെ

ഇഷാന്ദ് രാജേഷ്

XB

# വേണം

മഞ്ഞു വേണം മഴയും വേണം

വെയിലും വേണം രാവും വേണം

മനുഷ്യനോ പണം വേണം

പണത്തിനായി ദുഷ്ടത വേണം

പാരിനോ മനുഷ്യനെ വേണ്ട

**നിവേദ്യ കെ 10 ബി**

# മതവും മനുഷ്യനും

മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു
മതങ്ങൾ മനുഷ്യനെയും

മതങ്ങൾ പിറവിയെടുത്തത് മുതലേ
മതഭേദവുമായി

മതവും മനുഷ്യനും ഒന്നായി
ഒരു മതം പല മതമായി

മതമോ എങ്ങും പലവിധമായി
മനുഷ്യനോ അടിമകളായി

മതമോ മരണത്തിന് വിനയായി
മനുഷ്യൻ മതത്തിനു കൂട്ടായി

മരണം മതമായി വിധിയിട്ടും മനുഷ്യനോ
മതത്തിനു ഉടമകളായി

**അനഘ അനിൽകുമാർ**

**10 ബി**

# മികവുകൾ


SNDP HSS VENKURINJI
പത്തനംതിട്ട റവന്യൂ ജില്ല
കലോത്സവം
ALPHA SAJAN
കവിതാരചന (മലയാളം) HS
2nd A Grade


സംസ്ഥാന സ്കൂൾ ഗെയിംസിൽ അത്‌ലറ്റിക് &
ആർട്ടിസ്റ്റിക് യോഗ വിഭാഗത്തിൽ 3-ാം
സ്ഥാനം കരസ്ഥമാക്കി ജില്ലയുടെ യശസ്സ്
വാനോളം ഉയർത്തിയ പത്തനംതിട്ട ജില്ല
യോഗ ടീമിന് യോഗ അസോസിയേഷൻ ഓഫ്
പത്തനംതിട്ടയുടെ
ആശംസകൾ













# ലിറ്റൽ കൈറ്റ്സ് പ്രവർത്തനങ്ങൾ





ലാബ് പ്രവർത്തനങ്ങൾ









ഫ്രീഡം ഫെസ്റ്റ്

കുട്ടികൾക്ക് മാസ്റ്റർ ട്രെയിനർ
ജയേഷ് സാർ ക്ലാസ്
എടുക്കുന്നു



രക്ഷകർത്താക്കളുടെ
ബോധവത്കരണ ക്ലാസ്

# ദിനാഘോഷങ്ങൾ

## ഇൻഡിപെൻഡൻസ് ഡേ















# ചിത്രരചന



ആരോമൽ
8 C




അസ്ന ഫാത്തിമ
5ബി



ഗൗതം കൃഷ്ണ
8 സി

# ലിറ്റൽ കൈറ്റ് അംഗങ്ങൾ



ക്ലാസ്സ് 8



ക്ലാസ്സ്  9



ക്ലാസ്സ്  10

# സ്കൂൾ വാർഷികം



# യാത്രയയപ്പ് ആദരിക്കൽ



ശ്രീമതി .രാജശ്രീ ബി
പ്രിൻസിപ്പൽ



ശ്രീമതി .ബീന പി ആർ

H S T MATHS



ശ്രീമതി ബിജി കെ

H S S T ENGLISH



## നല്ലവനായ അരണ

ഒരു ദിവസം ദൈവം അരണയെയും ഓന്തിനെയും വിളിച്ചുവരുത്തുന്നു
എന്നിട്ട് അവരോട് പറയുന്നു എനിക്ക് ദാഹിക്കുന്നു വെള്ളം കൊണ്ട് വരു.
ഇത് കേട്ട് രണ്ട് പേരും രണ്ട് വഴിയിൽ പോകുന്നു .
മടിയനായ ഓന്ത് ഒരു പാത്രത്തിൽ മൂത്രമൊഴിച്ചു കൊടുക്കുന്നു
അരണ കാട്ടിൽ കൂടി നടന്ന് വെള്ളം ശേഖരിച്ച് ദൈവത്തിന്
കൊടുക്കുന്നു ദൈവം വെള്ളം കുടിക്കുന്നു അതിന് ശേഷം
അരണയ്ക്ക വരം നൽകുന്നു. ഓന്തിനെ നരകത്തിൽ വിടുന്നു



**രാഹുൽ രാജേഷ്**
9 A

# നന്ദി

പങ്കുവെക്കലാണ് ബന്ധങ്ങളുടെ അധാരശില . .....

ഈ ആധുനിക യുഗത്തിൽ ഡിജിറ്റൽ രൂപത്തിൽ

ആഹ്ലാദ വിഷാദങ്ങളും അറിവുകളും
വിനോദങ്ങളുമൊക്കെയാണ്
ഞങ്ങൾ ഇവിടെ കൈമാറിയത് ........

ഈ സ്വപ്നം സാക്ഷാത്കരിക്കാൻ ഞങ്ങളെ
സഹായിച്ച ബിന്ദു ടീച്ചറിനും
ദീപ ടീച്ചറിനും സർവോപരി ഞങ്ങൾക്കെല്ലാ
പരിശീലനവും നൽകിയ
ബഹുമാനപെട്ട ജയേഷ് സാറിനും വെൺകുറിഞ്ഞി
എസ് എൻ ഡി പി സ്കൂളിലെ

എല്ലാ ലിറ്റിൽ കൈറ്റ് അംഗങ്ങളുടെയും
നന്ദി ......

